# DREAMS

## DIGITAL MAGAZINE 2024

LITTLE KITES - GVHSS KARADKA

## ആമുഖം

പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കേരളത്തിലെ വിദ്യാലയങ്ങളിൽ 2018–19 അധ്യയനവർഷത്തിൽ ആരംഭിച്ചതാണ് ലിറ്റിത് കൈറ്റ്സ് ഐ.ടി. അധിഷ്ഠിത വിദ്യാഭ്യാസം ശക്തിച്ചെടുത്താൻ ഇതിലൂടെ സാധിച്ച. ജി വി എച്ച് എസ് എസ് കാറഡുക്ക യിൽ ലിറ്റിത് കൈഗ്റ്സിന്റെ യൂണിറ്റ് ആരംഭിച്ചിട്ടുണ്ട് .

എല്ലാം ഡിജിറ്റലായ ഈ കാലഘട്ടത്തിൽ കുട്ടികളുടെ കഴിവുകളെ, കലാസൃഷ്ടികളെ ഡിജിറ്റൽ മാഗസിനിലൂടെ പങ്കുവയ്ക്കുകയാണ്.ലിറ്റിൽ കൈറ്റ്സിൻറെ ഭാഗമായി"ഡ്രീം"എന്ന പേരിൽ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞത് നമുക്ക് ഒരു നേട്ടം തന്നെയാണ്. വിദ്യാർത്ഥികളുടെ ഈ എളിയ സംരംഭം മറ്റു കുട്ടികൾക്ക് ഒരു മുതൽക്കൂട്ടാകട്ടെ....



# Message

The digital magazine prepared by the Little Kites unit of GVHSS Karadka is really informative and helpful to develop creativity among students.This kind of magazine is inevitable in this high tech world.

I appreciate it and All the very best for this endeavour



**Sanjeeva M**
**Headmaster**
**GVHSS Karadka**

# INDEX


| Sl.No. | Topic | Page No. |
|---|---|---|
| 1 | GVHSS KARADKA - ചരിത്രം | 6 |
| 2 | Value of time | 7 |
| 3 | വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം | 8 |
| 4 | Lucy and the Street Dog (Story) | 9 |
| 5 | ചവിട്ട് | 10 |
| 6 | അമ്മയാകുന്ന പ്രകൃതി | 11 |
| 7 | മഴ | 12 |
| 8 | പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യം (Essay) | 13 |
| 9 | ಕೃಷ್ಣನ ಕೊಳಲು | 14 |
| 10 | Friend | 15 |
| 11 | ശുഭാപ്തിവിശ്വാസമാണ് ജീവിതത്തെ മുന്നോട്ട് നയിക്കുന്നത് | 16 |
| 12 | ನದಿಯ ಸೊಬಗು | 17 |
| 13 | കൊഴിഞ്ഞ ഇലകൾ | 18 |
| 14 | പ്രകൃതി | 19 |
| 15 | വേനലിന്റെ ഒഴിവ് | 20 |
| 16 | ദാരിദ്രത്തിൽ നിന്ന് വിജയത്തിലേക്ക് | 21 |
| 17 | മഴയുടെ യാത്ര | 22 |
| 18 | ലളിത ജീവിതം സുന്ദരജീവീതം(പ്രഭാഷണം) | 23 |
| 19 | ನೊಂದ ಮನಸ್ಸು | 24 |
| 20 | പ്രകൃതിയെ കുറിച്ചൊരു വർണന | 25 |
| 21 | പ്രകൃതി ചൂഷണത്തിനിരയാകുമ്പോൾ... | 26 |
| 22 | ಬೆಳಕಿದ್ದರೂ ಕಣ್ಣೀರು | 27 |
| 23 | ಮನದ ಚಿಂತೆ | 28 |
| 24 | ಚಿಂತೆಯಲ್ಲಿ ಮುಳುಗುವಳು | 29 |
| 25 | പുഷ്പം | 30 |
| 26 | Climate Crisis | 31 |
| 27 | Drawing | 32 |
| 28 | Little Kites Activities this year | 33 |



## GVHSS KARADKA - ചരിത്രം

കാസറഗോഡു ജില്ലയിലെ കാറഡുക്ക ഗ്രാമപഞ്ചായത്തിലെ 13,14 വാർഡുകളിലായി സ്ഥിതിചെയ്യുന്ന വിദ്യാലയമാണ് ജി.വി.എച്ച്.എസ്.എസ്.കാറഡുക്ക.

12ഏക്കറോളം സ്ഥലം സ്കൂളിന് സ്വന്തമായുണ്ട് . 1927ൽ സർക്കാർ ഉടമസ്ഥതയിൽ കെ.എൻ.കൃഷ്ണൻ നമ്പ്യാർ എന്ന സ്വകാര്യവ്യക്തിയുടെ കെട്ടിടത്തിൽ പ്രാഥമികവിദ്യാലയം ആരംഭിച്ചു. കന്നട, മലയാളം ഭാഷകൾ ഒരുപോലെ വശമുണ്ടായിരുന്ന ജനങ്ങൾ നിവസിക്കുന്ന പ്രദേശമാണ്, എന്നാൽ മലയാളം മാതൃഭാഷയായവർ കൂടുതലായതിനാൽ പഠനമാധ്യമം മലയാളമായി. 1957ൽ



യു.പി.സ്കൂളായി അപ്ഗ്രേഡ് ചെയ്തു. 1960 കാലഘട്ടത്തിൽ സ്കൂളിന് സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടായി.1970ൽ കന്നട മീഡിയം ആരംഭിച്ചു. ഉന്നതവിദ്യാഭ്യാസ സൗകര്യമൊരുക്കുന്ന കാര്യത്തിൽ നാട്ടിലെ വിദ്യാഭ്യാസവിചക്ഷണരും രാഷ്ട്രീയ പ്രമുഖരും നിരന്തരപരിശ്രമം നടത്തിയതിന്റെ ഫലമായി 1974ൽ ഹൈസ്കൂളായി. കാറഡുക്കസ്കൂളിന്റ ബ്രാഞ്ച്സ്കൂളായി പ്രവർത്തിച്ചിരുന്ന മുള്ളേരിയ പിന്നീട് സ്വതന്ത്ര സ്കൂളായി. 1984ൽ വി.എച്ച് എസ്.ഇ. ആരംഭിച്ചു.

# Value of time

Today I am here to present a topic that the value of time.we all know hat time is very important in our life.Time is the most valuable thing in the universe time never wait for anyone no one can stop or slow down the time It keeps going whether someone likes or not.Time is not reversible it means we have to use it sensibly. Every second or minute is moving forward and will not come back.All things are bron on time,grow on time and die on time.Time is so important that if you did not have any, you could not do anything at all .There are many things that we can spend it on leisure activities such as sleeping, reading, going for a walk: or do work or study No matter what we choose to do it important that we manage our time we should not waste our time.we should use oru time.we should value and respect oru time.Time is a priceless one.if time goel . We can't never recapture it if we do not do our daily routine at the right time we will progress slower than others it is a true saying that"Time and tide wait for none"so,, my dears don't wast your time

**Devananda.K**
**9B**

# വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം

വിദ്യാഭ്യാസം എന്നത് മനുഷ്യന്റെ വലിയൊരു ഘടകം തന്നെയാണ്.വിദ്യാഭ്യാസം ഉള്ള ഒരാൾക്ക് സമൂഹത്തിൽ വലിയ പൗരനാകും എന്നാൽ വിദ്യാഭ്യാസം ഇല്ലാത്ത ഒരാൾക്കോ? വിദ്യാഭ്യാസം ഇല്ലാതെ നമുക്ക് ജീവിതത്തിൽ വിജയം നേടാൻ ഒരിക്കലും സാധിക്കുകയില്ല.വിദ്യാഭ്യാസമെന്നത് പരിഹാസങ്ങളിൽനിന്നുമൊക്കെ നമ്മെ സഹായിക്കുന്ന ഒന്നു തന്നെയാണ്.വിദ്യാഭ്യാസങ്ങളിൽനിന്ന് നാം പുതിയതും നല്ലതുമായ നിരവധി കാര്യങ്ങൾ പഠിക്കാനും വിദ്യാഭ്യാസം സഹായിക്കുന്നു.വ്യക്തിത്വം വികസിപ്പിക്കാനും കുടുംബത്തിലും സമൂഹത്തിലും അംഗീകാരവും ആദരവും നേടാനും വിദ്യാഭ്യാസത്തിന് വലിയ പങ്ക് തന്നെയാണുള്ളത് .അറിവ് നേടാനും ജീവിതത്തിൽ ആത്മവിശ്വാസം വർധിപ്പിക്കാനും സഹായിക്കുന്നു.

പല രാജ്യങ്ങളിൽ പോയാലും അവിടത്തെ ഭാഷകൾ എല്ലാം തന്നെ വ്യത്യസ്തമായിരിക്കും.അതൊക്കെ തന്നെ നമുക്ക് അറിയണമെന്നുതന്നെയും ഇല്ല.എന്നാൽ, അത് നമുക്ക് ആത്മവിശ്വാസത്തോടെ പഠിക്കാനും പറയാനും വിദ്യാഭ്യാസം അത്യാവശ്യമാണ്.പണ്ട് കാലങ്ങളിൽ സ്ത്രീകൾക്ക് വിദ്യാഭ്യാസം ലഭിച്ചിരുന്നില്ല.കാരണം,പ്രായപൂർത്തിയാകുന്നതോടെ കല്യാണം കഴിപ്പിക്കും അതോടെ സ്ത്രീകളുടെ വിദ്യാഭ്യാസം തന്നെ ഇല്ലാതായി.അതുകൊണ്ട് അവർ അവഗണനയിലൂടെയും പരിഹാസങ്ങളിലൂടെയുമാണ് ജീവിച്ചത്. അതിനാൽ തന്നെ ഒന്നുകൂടി പറയാം."വിദ്യാഭ്യാസം എന്നത് മനുഷ്യന്റെ ഒരു പ്രധാനഘടകം തന്നെയാണ്".

**VAIGA SURESH**
**9B**

# Lucy and the Street Dog (Story)

Once upon a time there lived a rich dog named Lucy of a merchant. The merchant loved Lucy very much.The merchant never let Lucy out of the compound.Because the merchant was afraid that Lucy would get disease from other places of from street dogs.Lucy also thought that was the world.So Lucy became arrogant.One day when Lucy was walking through the garden a street dog asked by her at the gate."Lucy why did you never come out of this?." "How will you know my name and if I get out from this compound I will became sick okey" said Lucy."who told you this stupid thing?,If you leave the compound you will not catch any disease.But if you remain closed within these four walls,your immunity will decrease" said the street dog.After saying this the dog left.Lucy paused for a considering what that dog had said.When the merchant reached home in the moment, evening,and when he camed back from bathroom after bathing Lucy came near to him."Today a dog camed here and said that if I never came out from this compound my immunity will decrease.So please allow me to go outside" said Lucy.But the merchant didn't agreed this.Lucy also didn't give up."hey merchant I am asking you again please leave me outside.If you thinking my nice you will let me to go outside otherwise I will never eat or drink" said Lucy.At last the merchant give up to Lucy and allowed her to go out.The next day Lucy went out and meet the street dog and thanked him.Now Lucy and the dog became best friends.

**Sreenanda.T**
**8C**

# ചവിട്ട്

മുട്ടോളം താഴ്ന്നു പോകുന്ന
ശിരസ്സുമായൊരാളതാ, വഴിവക്കുകളിലൂടെ മന്ദം
മന്ദം ഇഴയുന്നു, മുതുകിൽ ഒരു മാറാപ്പുമേന്തി.

പാപം പേറിയുള്ള
യാത്രയായത് കൊണ്ടോ
പാതയോരത്തെ പൂക്കളെപ്പോലെ
നിരന്തരം ചവിട്ടേൽക്കുന്നത് കൊണ്ടോ

ശ്രമിക്കുന്നുണ്ടാവാം,ആവോളം,
ഉയരാനനുവദിക്കാത്തതോ ,
ഉയർത്തെഴുന്നേൽപ്പിന് അർത്ഥമില്ലയോ?

ഒന്നു നീട്ടി കരുണാലുവാകാൻ
കരങ്ങളില്ലാത്ത മനുഷ്യരില്ല.
ചവിട്ടി ഞെരിക്കാൻ പാദങ്ങളുണ്ടവന്, ചവിട്ടി മെതിക്കാൻ മാത്രം.

ആവാം,ചവിട്ടാം,മെതിക്കാം എങ്കിലും കുറിച്ചിട്ടൂ മർത്യാ..
തൊട്ടാവാടി പോലും
തൊട്ടാൽ വേദനിപ്പിക്കും
വിധം ശക്തനായ
മുള്ളുകളാൽ സംരക്ഷിതനാണ്.

**Haritha**
**10D**

# അമ്മയാകുന്ന പ്രകൃതി

അമ്മയാം പ്രകൃതിയെ
അമ്മതൻ പ്രകൃതിയെ
എന്തിനിങ്ങനെ ദ്രോഹിക്കുന്നു
മനുഷ്യരെ നാം

വെടിയുക ഈ ദുർപ്രവർത്തി
നമ്മുടെ ഈ സാധുഭൂമിക്കായ്
എന്ന് ഈ മനുഷ്യരെ
നാം ഇങ്ങനെ ചെയ്യുന്നത്

നമ്മുടെ പ്രകൃതിയുടെ പച്ചപ്പായ
മരങ്ങളെ  നാം സംരക്ഷിക്കുവിൻ

**Amna Nazmin**
**Shanima**
**9B**

# മഴ

കരയുമോ വീണ്ടും നീ കാർമുകിലെ
കരളിലെ കണ്ണുനീർ മാറ്റുവനായി.
ഏകനായ് തീരാതിരുന്നപ്പോൾ നിൻ
സ്പർശനം എന്നിൽ
ചെറു ചിരിയുണർത്തി.
എത്ര ധന്യമാണോർക്കുക
നിൻ ജീവിതം
പുൽകൊടികുപോലും കുളിര്മയേകി
ചെറുജീവിതം ആനന്ദമാക്കി
മരണത്തെ പുല്കുന്ന
ജീവനായി നീ  പുതുജീവിതം തുറന്നുകാട്ടി
കലപ്പകൾ നിനക്കായ് കാത്തിരിക്കുന്നു
അരവയരറങ്കിലും നിറകുവാനായ്
ഇനിയും കരയണം കാർമുകിലേ
ഭൂമിതൻ ദാഹമകറ്റുവാനായ്.

Vaishnavi A.K
9 B

# പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യം (Essay)

പ്രകൃതി എന്നാൽ നമ്മുടെ അമ്മയാണ്. മനുഷ്യജീവിജാലങ്ങളുടെ നിലനിൽപ്പുതന്നെ പ്രകൃതിയെ ആശ്രയിച്ചിരിക്കുന്നു. എന്നാൽ മനുഷ്യൻ പ്രകൃതിയെ കുന്നിടിച്ചും മരംവെട്ടിയും, ചപ്പുചവറുകൾ വലിച്ചെറിഞ്ഞും ഫാക്ടറികളിൽ നിന്നുള്ള മാലിന്യങ്ങൾ നദിയിലേക്കും പുഴയിലേക്കും ഒഴുക്കിയും വായുമലിനീകരണപ്പെടുത്തിയും, മണൽവാരിയും പ്രകൃതിയെ നശിപ്പിക്കുന്നു. മനുഷ്യനായാലും മറ്റ് ജന്തുജാലങ്ങളാ യാലും വാസസ്ഥലം പ്രകൃതിതന്നെയാണ്. ആഡംബരം നിറഞ്ഞ ജീവിതശൈലിയിലേക്ക ഏർപ്പെട്ടുകൊണ്ടിരിക്കുന്ന മനുഷ്യൻ പ്രകൃതിയെ ചൂഷണം ചെയ്യുന്നു. പച്ചപ്പുനിറഞ്ഞ മരങ്ങളും പൂത്തുലഞ്ഞു നിൽക്കുന്ന പൂക്കളും, കുന്നുകളും, മലകളും, നദികളും ഇന്ന് ഇല്ലാതായിക്കൊ ണ്ടിരിക്കുന്നു. അതിന്റെ ഫലമായി വാസസ്ഥലങ്ങൾ നഷ്ട്ടപ്പെട്ട ജീവജാലങ്ങൾ വംശനാശത്തിന് ഇരയായിക്കൊ ണ്ടിരിക്കുന്നു. മനുഷ്യന്റെ പ്രകൃതിയോടുള്ള അതിക്രമങ്ങൾ വർദ്ധിക്കുമ്പോൾ മണ്ണിടിച്ചൽ, പ്രളയം, ഉരുൾപൊട്ടൽ തുടങ്ങിയവയിലൂടെ മനുഷ്യനെ പ്രതിരോധിക്കാൻ പ്രകൃതി തന്നെ തയ്യാറെടുക്കുകയാണ്. ആഡംബരം നിറഞ്ഞ ജീവിതത്തെ നേടുവാൻ ഓരോ മനുഷ്യനും പ്രവർത്തിക്കുമ്പോൾ മനുഷ്യൻ ഒന്നോർക്കുന്നില്ല. എന്തെന്നാൽ, ഈ ജീവൻ തന്നെ നിലനിൽക്കുന്നത് പ്രകൃതിയിലൂടെയാണ്. മരങ്ങൾ വെട്ടിയും, പൂഴിവാരിയും, മാലിന്യങ്ങൾ വലിച്ചെറിഞ്ഞും, വായു  മലിനീ കരിക്കപ്പെടുത്തിയും, കുന്നും മലയും ഇടിച്ചും ഇങ്ങനെ ഒട്ടനവധി അശാസ്ത്രീയമായ പ്രവർത്തനങ്ങൾ കൊണ്ട് മനുഷ്യൻ പ്രകൃതിയെ മുറിവേൽപ്പിക്കുമ്പോൾ മൗനമായി നിലകൊള്ളുകയാണ് പ്രകൃതിയെങ്കിലും ആ മൗനം ശക്തമായുള്ള തിരിച്ചുവരവിനൊരുങ്ങുകയാണ് എന്ന് മനുഷ്യൻ ചിന്തിക്കുന്നില്ല. പ്രകൃതിയുടെ മൗനം തന്നെയാണ് പ്രളയമായി മാറുന്നതെന്ന് മനുഷ്യർ മനസ്സിലാക്കിയാൽ നല്ലത്...

Dhanusha. V
9B

# ಕೃಷ್ಣನ ಕೊಳಲು

ಕೊಳಲನಾದವನ್ನು ನುಡಿಸುತ್ತ ನಡೆದಿದ್ದು ಶ್ರೀಕೃಷ್ಣ
ದರ್ಮ ರಕ್ಷಣೆಗಾಗಿ ಕೆಳಗಿಟ್ಟ
ಕೊಳಲನ್ನು
ಹಿಡಿದವನ ಪಾಂಚಜನ್ಯ

ನೆನಪಲಲ್ಲಿ ನೆನಪಾಗಿದ್ದ ಕೊಳಲನ್ನು  ಹುಡುಕುತ್ತಾ
ಬಂಧನವೆ ಗೋಕುಲಕೆ
ಪ್ರೊಟರೆಯೊಳಿಟ್ಟಿದ್ದ ಕೊಳಲನ್ನು
ಹುಡುಕುತ್ತ  ನಡೆದವನ ಕಾಡಿನೆಡೆಗೆ.

ನೆನಪಿನಂಗಳದಲ್ಲಿ ನಲಿಯುತ್ತ
ಅರಸಿದ ಕೊಳಲನ್ನ
ಕೊಳಲು...ಕೊಳಲು ಎದುರಿಸಿದ ಕೃಷ್ಣನ ಕಣ್ಣಿಗೆ ಬಿತ್ತಾಮರ
ಓಡೋಡಿ ಬಂದು ಕೊಳಲನ್ನ ಹಿಡಿದು ನುಡಿಸಿ ಹರ್ಷನಾದ

ಪೃಥ್ವಿರಾಜ್.ಸಿ.ಎಚ್

# Friend

You are with me
Like a soul
Every moments you'r with me
You are my precious one
You are like a soul of me
Any problems I have
You are standing without any condition
You are my only god's gift
You are like a soul of me
Never broken this bond

Sanusha P.S
9B

# ശുഭാപ്തിവിശ്വാസമാണ് ജീവിതത്തെ മുന്നോട്ട് നയിക്കുന്നത്

ജീവിതത്തിൽ വിജയങ്ങൾ മാത്രം ഉണ്ടായിട്ടുള്ള ആരും ഉണ്ടാവില്ല. അതുപോലെ തോൽവികൾ മാത്രം ഉണ്ടായിട്ടുള്ള ആരും ഉണ്ടാവുകയില്ല. കാരണം, ജയപരാജയങ്ങൾ ഇടകല ർന്നതാണ് ജീവിതം. ജീവിതത്തിൽ എന്ത് സംഭവിക്കുന്നു എന്നതിനേക്കാൾ പ്രധാനം നാം അതിനെ എങ്ങനെ കാണുന്നു, നേരിടുന്നു എന്നതാണ്. ചിലർ പരാജയങ്ങളിൽ തളർന്നു പോകുന്നു, ചിലർ ആ പരാജയങ്ങളെ വിജയത്തിലേക്കുള്ള ചവിട്ടുപടിയായി ഉപയോഗിക്കുന്നു.

മനസിന്റെ അന്ധകാരത്തെ ദൂരികരിച്ച് നന്മയുടെ വിളക്ക് പ്രകാശിപ്പിക്കുകയാണ് ജീവിതവിജയത്തിനാധാരം.ജീവിതത്തിൽ സുഖവും ദുഃഖവും നന്മയും തിന്മയുമെല്ലാം ഉണ്ടാക്കുന്നത് നമ്മുടെ ചിന്തകളും പ്രവൃത്തികളും ആണെന്നാണ് പറയുന്നത്. പരാജയത്തിന്റെ ഏതു പടുകുഴിയിൽ നിന്നും ഉയർത്തെഴുന്നേറ്റ് വിജയത്തിന്റെ കൊടുമുടി കീഴടക്കാൻ സാധിക്കും. ശുഭാപ്തിവിശ്വാസം കൊണ്ട് പരാജയങ്ങളെ മറികടന്നവരാണ് നാം ഓരോരുത്തരും. പ്രളയവും കൊറോണയിൽ നിന്നും ലഭിച്ച തിരിച്ചടികളിൽ നിന്ന് ഉയർത്തെഴുന്നേൽക്കാൻ ഓരോരുത്തർക്കും കരുത്തേകിയത് ഈ വിശ്വാസമാണ്.

അതിനാൽ ജീവിതത്തിൽ പരാജയങ്ങളും നേരിടാൻ നാം തയാറാകണം. വിജയങ്ങൾ പോലെ തന്നെ പരാജയങ്ങളും അനുഭവത്തിന്റെ വലിയ പാഠങ്ങൾ നമ്മുക്ക് പകർന്നു നൽകുന്നു. അവയിലൊന്നും തളർന്നു പോകാതെ ശുഭാപ്തിവിശ്വാസത്തോടെ മുന്നോട്ടു പോകുമ്പോൾ നിങ്ങൾ വിജയമെന്ന ലക്ഷ്യത്തിൽ തന്നെ എത്തി ചേരുക തന്നെ ചെയ്യും

Archana C K
9B

# ನದಿಯ ಸೊಬಗು

ನದಿಯೇ ನಿನ್ನ ಸೊಬಗ ನಾನು
ಮೊದದಿ ನೋಡಿ ನಲಿಯುವೆ
ಜಗದ ನೆಲದ ಚೆಲುವ ಸೊಗಸ
ಹರುಷದಿಂದ ಸವಿಯುವೆ

ಬೆಟ್ಟ ಶಿಖರದಲ್ಲಿ ಜನಿಸಿ
ತಡೆಯನೆಲ್ಲ ಬದಿಗೆ ಸರಿಸಿ
ತೊರೆಯ ರೂಪದಲ್ಲಿ ಸಾಗಿ
ಹಿಗ್ಗಿ ನದಿಯೇ ಆಗುವೆ

ಮುಂದೆ ಸಾಗಿ ಬಯಲ ಸೇರಿ
ಮಂಥ ಗಮನೆ ಯಾಗುವೆ
ನಾಡ ಕೊಳೆಯನೆಲ್ಲ ಕಳೆದು
ನೆಲಕ್ಕೆ ನೀರ ಉಣಿಸುವೆ

ಹೊಲದಿ ಬೆಳೆದ ಪಚ್ಚೆ ಪೈರು
ಹೊಳೆವ ಚೆಲುವ ನೋಡುವೆ
ಹಲವು ತೊರೆಗಳೆಲ್ಲ ಸೇರಿ
ದಹವ ಕವಿದು ಹರಿಯುವೆ

-ಕೀರ್ತನ. ಕೆ

# കൊഴിഞ്ഞ ഇലകൾ

ഒരു മരമാണെങ്കിലോ
അതിനെത്ര സുഹൃത്തുക്കൾ
സുഹൃത്തുകളാണെങ്കിലോ അതിലെ ഇലകൾ
മരത്തണലിൽ ചാലിച്ച ഇലകൾ
ആ മരത്തെ സന്തോഷിപ്പിക്കുന്നു.
എന്നിട്ടും പറയാതെ പോയ് പോയ്
ഇലകൾ ഒന്നുമാത്രം ബാക്കി,
ആ മര സന്തോഷം...
ഒരു കണീർ മഴയായി തേങ്ങുന്നു...
പാവമാം മരം...!
സങ്കടത്തിൽ പിടർന്നു വീഴ്കയല്ലോ!
കാലമാം കാലത്തോളം
വീണ്ടും ഉയർത്തെഴുന്നേൽക്കു മാ മരം.
എത്രയോ സങ്കടങ്ങളിപ്പേട്ടാലും
വിണ്ടുമാ മരം പൂക്കുമല്ലോ!
ശുഭപ്രതീക്ഷയോടെ ആ മരമി–
ന്നുമൊരു നന്മമരമായി നിലകൊള്ളുന്നു!!!

Sanusha.P.S
9B

# പ്രകൃതി

എന്ത് സുന്ദരമാണി പ്രകൃതി
പച്ചപ്പിനാൽ പൊതിഞ്ഞ വനവും
എന്ത് കളകള മൊഴുകുന്ന  അരുവികളും
കലപില കൂട്ടുന്ന കിളികളും
പീലിവിടർത്തിയാടുന്ന മയിലും.
കണ്ണിന് കുളിർമയേകുന്ന പൂക്കളും
തേൻ നുകരുന്ന പൂമ്പാറ്റകളും
നിറഞ്ഞു നിൽക്കുന്ന പ്രകൃതി
എന്ത് സുന്ദരമാണി പ്രകൃതി

–വൈഷ്ണവി  എ. കെ
IX. B

# വേനലിന്റെ ഒഴിവ്

ഒരു കൊച്ചു ഗ്രാമത്തിലെ കോണിലാണ് സേതുവിന്റെ വീട്. അതേ സേതു സേതു മതി അവളും അച്ഛനും അമ്മയും ചേർന്നതാണ് സേതുവിന്റെ ലോകം. ഏതോ ഇപ്പോ ഒമ്പതാം ക്ലാസിലാണ്. ഒരിക്കൽ സേതു സ്കൂളിൽ പോയ ദിവസം ഉച്ച സമയത്ത് അവളുടെ വീട്ടിൽ നിന്നും ബന്ധുക്കൾ വന്ന് വിളിക്കയുണ്ടായി. വീട്ടിലെത്തിയപ്പോഴേക്കും അവിടെ നിറയെ അറിയുന്നവരും അറിയാത്തവരും ആയി കുറെ പേർ. അതെ സേതുവിന്റെ അമ്മ മരിച്ചു. അസുഖം മൂലമായിരുന്നു മരണം. ഒരുപാട് കരഞ്ഞു ദിവസങ്ങളോളം ചടങ്ങും മറ്റുമായി സേതുവിന്റെ കുറെ ക്ലാസ് നഷ്ടപ്പെട്ടു. ആഴ്ചകൾക്ക് ശേഷം സേതു ക്ലാസിൽ പോയി. ആ ദിവസം അവൾക്ക് ഒന്നും മനസ്സിലായിരുന്നില്ല. അമ്മയുടെ മരണശേഷം വീട്ടിലെ കാര്യങ്ങൾ ആകെ മാറിമറിഞ്ഞു. വീടിന്റെ അവസ്ഥ വളരെ പരിതാപകരമായിരുന്നു. അവളുടെ കുടുംബം ദാരിദ്ര്യത്തിന്റെ അന്ധകാരങ്ങളിലേക്ക നീങ്ങുകയായിരുന്നു. അതുകൊണ്ടുതന്നെ മുന്നോട്ടുള്ള പഠനത്തിന് അത് തടസ്സമാവുമോ എന്ന് സേതുവിനെ അറിയില്ലായിരുന്നു. ദിവസങ്ങൾ അങ്ങനെ അവൾ തള്ളിനീക്കാൻ തുടങ്ങി. അങ്ങനെ സേതുവിനെ വേനലവധിയും ലഭിച്ചു. അവൾക്ക് നന്നായി ചിത്രം വരയ്ക്കാനും പൂവ് കോർക്കാനും മറ്റും അറിയാമായിരുന്നു. അതുകൊണ്ടുതന്നെ അവളുടെ ആവശ്യത്തിനായി ചിത്രം വരച്ചും ഒരു കടയിൽ പൂവ് കോർത്തും ഒക്കെ കാശുണ്ടാക്കിയിരുന്നു.

ഒരിക്കൽ സേതുവിന്റെ ചിത്രം വാങ്ങാനായി സത്യ എന്ന ഒരു പെൺകുട്ടി വരുകയുണ്ടായി. അവളും സേതുവും നല്ല ചങ്ങാതിമാരായി തീർന്നു. ഒരിക്കൽ സത്യ യുടെ പിറന്നാളാഘോഷത്തിനായി സത്യ സേതുവിനെ ക്ഷണിച്ചു. അവൾ അങ്ങനെ സത്യയുടെ വീട്ടിലേക്ക് ആദ്യമായി പോവുകയും ചെയ്തു. വലിയ വീടായിരുന്നു സത്യയുടേത്. ആ വീട് മുഴുവനായും അലങ്കരിച്ചിരുന്നു. സത്യ സേതുവിനെയും കൂട്ടി അവളുടെ വീടിനകത്തേക്ക് ചെന്നു. തോരണങ്ങളും അലങ്കാരവസ്തുക്കളും കൊണ്ട് ആ വീട് ഒരു കൊട്ടാരം ആക്കി തീർത്തിരുന്നു. സത്യ സേതുവിനെയും കൂട്ടി അവളുടെ മുറിയിലേക്ക് കൊണ്ടുപോയി. സത്യാ പിറന്നാളിനായി ഒരുങ്ങാനായിരുന്നു പോയത്. ഒരുങ്ങിക്കഴിഞ്ഞപ്പോഴേക്കും സത്യ സേതുവിനോട് പറഞ്ഞു അവളുടെ പിറന്നാള് മാത്രമല്ല അവളുടെ ഇരട്ട സഹോദരനായ ജീവയുടെയും പിറന്നാളാണ് ഇന്ന് എന്ന്. പിന്നെ സത്യയും സേതുവും കൂടി താഴേക്ക് വന്നു. അപ്പോഴേക്കും സത്യയിക്കും ജീവയിക്കും വേണ്ട കേക്ക് ഒക്കെ തയ്യാറായിരുന്നു. അങ്ങനെ സേതു സത്യയുടെ ഇരട്ട സഹോദരനെയും പിന്നെ കുറെ കഴിഞ്ഞ് പരിപാടി കഴിഞ്ഞ് ജീവയും സത്യയും സേതുവും നല്ല സുഹൃത്തുക്കൾ ആയി മാറുകയും ചെയ്തു. ജീവ ഒരു ബോർഡിങ് സ്കൂളിലായിരുന്നു പഠിച്ചിരുന്നത്. അതുകൊണ്ടുതന്നെ ലീവ് കഴിഞ്ഞ് ഉടനെ തന്നെ തിരിച്ചു പോകണമായിരുന്നു. അങ്ങനെ വൈകുന്നേരം നാലുമണി ഒക്കെ ആയപ്പോഴേക്കും സേതു തിരിച്ച് അവളുടെ വീട്ടിലേക്ക് മടങ്ങി. അവളുടെ വേനലവധി അവസാനിക്കാനായിരുന്നു. തികച്ചും നാലോ അഞ്ചോ ആഴ്ചകൾ മാത്രം ബാക്കി. പിറ്റേദിവസം മുതൽ സത്യയും ജീവയും ഒക്കെ പരസ്പരം സത്യയുടെയും ജീവയുടെയും അടുത്തേക്ക് സേതുവും സേതുവിന്റെ വീട്ടിലേക്ക് ജീവയും സത്യയും പോവാൻ തുടങ്ങി അങ്ങനെ ജീവ അവന്റെ ലീവിന് ശേഷം സ്കൂളിലേക്കും സേതു അവളുടെ വീട്ടിലേക്കും പോയി.

സ്കൂളിൽ പോയ രണ്ടുദിവസത്തിനുശേഷം അവൾ സ്കൂളിൽ പോയപ്പോഴേക്കും സേതുവിന് ഏറെ പരിചിതമായ ഒരു മുഖം. അതെ സത്യ. സത്യയുടെ പുഞ്ചിരിക്കുന്ന മുഖം കണ്ടപ്പോഴേക്കും സേതുവിന് ഏറെ സന്തോഷമായി. അങ്ങനെ സത്യ സേതുവിന്റെ കൂടെ സ്കൂളിലേക്കും എത്തി. സ്കൂളിലും അവർ ഒറ്റ സുഹൃത്തുക്കളായി മാറുകയും മത്സരിച്ച് പഠിക്കുകയും ചെയ്തു.

Abhirami P. K 9A

# ദാരിദ്രത്തിൽ നിന്ന് വിജയത്തിലേക്ക്

ഒരു ഗ്രാമത്തിൽ രാമുവും അവന്റെ അമ്മയും താമസിക്കുന്നുണ്ടായിരുന്നു. രാമുവിന്റെ അച്ഛൻ ചെറുപ്പത്തിൽ നഷ്ടപ്പെട്ടിരുന്നു. ദാരിദ്രം എന്താണെന്നറിഞ്ഞാണ് രാമു വളർന്നത്. തന്റെ അമ്മ അയല്പക്കങ്ങളിലെ വീടുകളിലെ വീട്ടു ജോലി ചെയ്തുമാണ് കാശ് ഉണ്ടാക്കുന്നത്. അതിൽ നിന്നും കിട്ടുന്ന വരുമാനത്തിൽ നിന്ന് അവർക്ക് വിശപ്പടക്കാൻ പോലും പറ്റിയിരുന്നില്ല. പല ദിവസങ്ങളിലും അവർ പട്ടിണി നിറഞ്ഞ വയറോടെയാണ് കിടക്കുന്നത്. അതിനാൽ രാമു അവന്റെ ആഗ്രഹങ്ങൾ പലതും അമ്മയിൽനിന്ന് മറച്ചു വയ്ക്കുകയാണ്. അവന്റെ ആഗ്രഹങ്ങൾ നിറവേറ്റണമെന്ന് അമ്മയ്ക്ക് ആഗ്രഹമുണ്ട് പക്ഷെ അതിനുവേണ്ട സമ്പത്ത് അമ്മയുടെ കൈയിൽ ഉണ്ടായിരുന്നില്ല. മകനെ പഠിപ്പിച്ച് ജോലി വാങ്ങിച്ച് വലിയ നിലയിൽ കാണണം എന്നാണ് അമ്മയുടെ ആഗ്രഹം. പക്ഷെ അത് ഒരു ആഗ്രഹം മാത്രമാണ്. അമ്മയുടെ മുഖം ഈ കാരണത്താൽ സങ്കടത്തിലായിരിക്കും. അതിനാൽ ഏത് വീടുകളിലും ജോലിക്ക് പോയാലും സങ്കടത്തിലായിരിക്കും. അങ്ങനെയൊരു ദിവസം അവർ ജോലിക്ക് പോയത് ഒരു ധനികന്റെ വീട്ടിലായിരുന്നു. ഭാര്യയും ഭർത്താവും മാത്രമായിരുന്നു ആ വീട്ടിൽ. ഭർത്താവ് ഒരു പാവവും ഭാര്യയ്ക്ക് വലിയ പാണക്കാരിയെന്ന അഹങ്കാരവും ഉണ്ടായിരുന്നു. അങ്ങനെയിരിക്കെ ആ വീട്ടിൽ ഭാര്യയും ഭർത്താവും പുറത്ത് പോയിരിക്കുകയായിരുന്നു. വന്നിട്ട് പണം സൂക്ഷിച്ച ലോക്കർ നോക്കുമ്പോൾ തുറന്നുകിടക്കുകയായിരുന്നു. രണ്ടുപേർക്കും സംശയം. അങ്ങനെ അവളുടെ വീട്ടിൽ പോയി അവളെ ഉപദ്രവിക്കുകയും വഴക്ക് പറയുകയും ചെയ്തു. കുറച്ച് സമയത്തിന് ശേഷം ആ പണം മോഷ്ടിച്ച കള്ളനുമായി പോലീസ് വന്നു. ഭാര്യ അമ്മയോട് ചെയ്തത് കുറ്റമാണെന്ന് മനസ്സിലാക്കി മാപ്പ് പറഞ്ഞു. എന്നിട്ട് രാമുവിന് വിദ്യാഭ്യാസം നൽകി അവൻ മികച്ച മാർക്കോടെ റാങ്ക വാങ്ങി ഒരു ഉദ്യോഗസ്ഥനായി. ഇപ്പോൾ ആ കുടുംബം  സന്തോഷത്തോടെ ജീവിക്കുന്നു.

Dhanyashree.S
9C

# മഴയുടെ യാത്ര

വെയിലേറ്റു വാടിയ വിശ്വവും
അകതികളാം വിശ്വപ്രകൃതി
അലിവോടെ വിഭിന്നമാകുന്നു
കാത്തിരിക്കുന്നു മാനമേ......
നിൻ്റെ കുളിരേകും കരിമുഖം
കണ്ടു രമിക്കുവാൻ
ഇറ്റിറ്റു വീഴുന്ന മാരിയും
വഹിച്ചനുവേല –
മെങ്ങോട്ടു പോക നീ
പരലോകത്തിൽ ചിലർ
ശപിക്കുമ്പോഴും പരർ
ചാരുതയോടെ നോക്കീടുന്നു
കളഗാനം മഹിതാഭയോടു
കാതോർത്തിടുമ്പോളരികി –
ലലിയുന്നു മന്ദസ്മിതം

ദേവനന്ദ.കെ
9B

## ലളിത ജീവിതം- സുന്ദരജീവിതം(പ്രഭാഷണം)

എല്ലാവർക്കും നമസ്കാരം,
'ലളിത ജീവിതം സുന്ദര ജീവിതം' എന്ന ശീർഷകത്തിൽ നിന്നു തന്നെ നിരവധി അർത്ഥതലങ്ങളിലേക്ക് നമുക്ക് സഞ്ചരിക്കാം. നമ്മൾ ലളിതമായ ജീവിതം നയിക്കേണ്ടവരാണ്.ആർഭാട ജീവിതം നമ്മുടെ അഹങ്കാരം അല്ലെങ്കിൽ അഹംഭാവത്തെ സൂചിപ്പിക്കുന്നതാണ് നമ്മൾ ഈ ലോകത്തെ ലളിതജീവിതത്തിലേക്ക് നയിപ്പിക്കുക.

ആർഭാടത്തിൽനിന്ന് ലാളിത്യത്തിലേക്കുള്ളതായിരിക്കണം നമ്മുടെ ജീവിതമാകുന്ന യാത്ര.ആർഭാടം എന്നതിനും ലാളിത്യം എന്നതിനും നിരവധി അർത്ഥതലങ്ങളുണ്ട്.ഒരു ലളിതജീവിതം നയിക്കുന്ന വന് ജീവിതം എന്നും സന്തോഷപൂർണമുള്ളതായിരിക്കും.പക്ഷെ,ഒരു ആർഭാട ജീവിതം നയിക്കുന്നവനാണെങ്കിലോ? ഇപ്പോൾ ആർഭാടജീവിതമാണെന്നിരിക്കട്ടെ, നമുക്ക് ഇഷ്ടമുള്ള എല്ലാ ഭക്ഷണങ്ങളും സാധനങ്ങളുമൊക്കെ ആവശ്യത്തിലുമധികം വാങ്ങും.അതൊ..നമുക്ക് വേണ്ടതുമായിരിക്കില്ല.അല്ലേ? നേരെ മറിച്ച് ഒരു ലളിതജീവിതം നയിക്കുന്നവരാണെങ്കിലോ, ഇങ്ങനെയുള്ള ഒരു അഹംഭാവത്തിന്റെയും ആവശ്യം ഇല്ല. സന്തോഷപൂർണമായ ഒരു ജീവിതം മാത്രം മതി.ആർഭാടജീവിതം ഒരുപക്ഷെ നമ്മളുടെ ജീവൻ തന്നെ അപഹരിച്ചേക്കാം. എങ്ങനെ? നമ്മൾ ഇഷ്ട്ടമുള്ള നിരവധി ഭക്ഷണപദാർഥങ്ങൾ വാങ്ങി വാരിവലിച്ചു തിന്നും.അവസാനം നമ്മൾ മരണകിടക്കയിലാകും. അതേസമയം ലളിതജീവിതം നയിക്കുന്നവൻ അവന് പറ്റിയ രീതിയിൽ അവന് ഉതകുന്ന രീതിയിൽ നല്ല ഭക്ഷണം കഴിച്ച് ആരോഗ്യവാനായി സന്തോഷജീവിതം നയിക്കുന്നത് നമുക്ക് കാണാം.പക്ഷെ, അങ്ങനെ കാണാൻ നമ്മൾ എന്നും ഒരു ലളിതജീവിതത്തിന് ഉടമയായിരിക്കണം.

" ലളിതജീവിതം സുന്ദരജീവിതം " എന്ന ശീർഷകത്തിന്റെ പ്രാധാന്യം ഇപ്പോൾ മനസ്സിലായില്ലേ? അതുകൊണ്ട് നമ്മൾ എല്ലാം ആർഭാടത്തിൽനിന്നും ലാളിത്യത്തിലേക്ക് ജീവിതത്തെ മാറ്റുക.അങ്ങനെയല്ലായെങ്കിൽ അതിനുപകരമായി ചിലപ്പോൾ നമ്മളുടെ ജീവൻ വരെ കളയേണ്ട അവസ്ഥ വരും എന്ന് നമ്മൾ മനസ്സിലാക്കുക.അതുകൊണ്ട്,എല്ലാവരും "ലളിതജീവിതം നയിക്കു, സുന്ദരജീവിതം ആസ്വദിക്കു".മുദ്രാവാക്യം എന്നും നമ്മുടെ കാതുകളിൽ മുഴങ്ങണം.നമ്മളിൽ ഒരാൾ നന്നായാൽ ഈ ലോകത്തെ മുഴുവൻ നമുക്ക് നല്ലതാക്കി മാറ്റാൻ സാധിക്കും.ഈ മുദ്രാവാക്യം നമ്മുടെ മനസ്സിലുള്ളിടത്തോളം കാലം നമ്മൾ ഒരു നല്ല പൗരനായിരിക്കും.ഒരിക്കൽ കൂടി ഞാൻ പറയുന്നു,"ലളിതജീവിതം നയിക്കു, സുന്ദരജീവിതം ആസ്വദിക്കു"

**SANUSHA PS**
**9B**

## ನೊಂದ ಮನಸ್ಸು

ಚಿಂತಿಸಿದರು ಮನಕಂಪಿಸದಿರು
ಇಷ್ಟೊಂದು ಚಿಂತಿಸಿ
ಹಾಳಾಗಿದ್ದು ಮನಸೆ
ಇಷ್ಟೊಂದು ಚಿಂತೆ ಮನಸಿಗೆ
ಹಾಳಾದಂತೆ

ಕಣ್ಣು ಒದ್ದೆಯಾಗಿದೆ
ಮುಖದಲ್ಲಿ ನಗುವಿಗೆ
ಯಾರು ತಿಳಿಯದೆ
ನನಗೆ ನೋವಿದೆ

ಮನಸೇ ನೀನಿರು ಹರುಷದಲಿ
ನಾನಿರುವೆನು ನಗುವಿನಲ್ಲಿ
ಮನಸೇ ನೀನಿರು ದುಃಖದಲಿ
ನಾನಿರುವೆನು ಚಿಂತೆಯಲಿ
ಚಿಂತಿಸದಿರು ಮನಕಂಪಿಸದಿರು

ವೀಕ್ಷಿತ

## പ്രകൃതിയെ കുറിച്ചൊരു വർണന

എന്തു സുധരമാണി പ്രകൃതി പച്ചവിരിച്ച നെൽപാടവും മരങ്ങളും കായും മേട്ടും പൂക്കളും നിറഞ്ഞ പ്രകൃതി. അനേകായിരം പക്ഷിമൃഗാദികൾക്ക് വാസസ്ഥലം എക്കുകയാണ് പ്രകൃതി. പൂവിൽ നിന്നും തേൻ നുകരുന്ന പൂമ്പാറ്റകൾ ഒരു ചില്ലയിൽ നിന്നും മറ്റൊരു ചില്ലയിലേക്ക് പറന്നു കളിക്കുന്ന കുഞ്ഞു പക്ഷികൾ അവയുടെ കലപില ശബ്ദങ്ങൾ. ഓല ത്തുമ്പതാടുന്ന ഒലെഞ്ഞാലി. കാറ്റിന്റെ മർമര ശബ്ദം. ഇങ്ങനെയെല്ലാം പ്രകൃതിയുടെ തൊട്ടുകുറി പോലെ കണ്ണിന്ന് ആനന്ദം പകർന്ന് ഷോഭിക്കുന്നു മനം മുട്ടെ ഉയർന്നു നിൽക്കുന്ന വന്മരങ്ങൾ കളകളാം മുഴക്കി ഒഴുകുന്ന ചെറു തോട്ടുകൾ പൂക്കൾ കൊണ്ടു നിറഞ്ഞ പൂത്തോട്ടങ്ങൾ എന്നിവയെല്ലാം പ്രകൃതിയെ കൂട്ടുതൽ സുന്ദര രമാകുന്നു.പ്രഭാതത്തിൽ ഇളം വെയിലേറ്റ് വിടരുന്ന പൂക്കൾ ഇളം കാറ്റുകൊണ്ട് ആടുന്ന തെ ങ്ങാലകൾ പുൽചെടികളിൽ വെള്ളത്തുള്ളി ' പുഞ്ചിരിച്ചു നിൽക്കുന്ന പൂക്കൾ വിടർന്നു നിൽക്കുന്ന പൂവിണകളും സുന്ദരമാണ് പക്ഷികളുടെ മധുരമാകുന്ന ശബ്ദങ്ങൾക്ക്. ഒഴുകുന്ന അരുവികളും മദ്രനാദം കേൾക്കുന്നതും കാണുന്നതും നല്ല രസമാണ്. സന്ധ്യ നേരത്ത് ആസ്തമിക്കുന്ന സൂര്യനും,സ്വന്തം കൂട് ലക്ഷ്യമാക്കി പറക്കുന്ന പക്ഷികൾ ശാന്തമാകുന്ന അന്തരീഷം ആകാശം ചുവപ്പും മഞ്ഞ നിറങ്ങളും ഉയർന്ന രാത്രിയെ വരവേൽക്കുന്നു എത്ര വർണ്ണിച്ചാലും തീരാത്ത ഭംഗിയാണ് പ്രകൃതിയുടേത്

Krishnapriya.K
9B

# പ്രകൃതി ചൂഷണത്തിനിരയാകുമ്പോൾ...

പാരിസ്ഥിതിക പ്രശ്നങ്ങളിൽപ്പെട്ട് ലോകം ഇന്ന് നട്ടം തിരയുകയാണ്. തന്റെ അടിസ്ഥാന ആവശ്യങ്ങൾക്കുപരി ആർഭാടങ്ങളിലേക്ക് മനുഷ്യൻ ശ്രദ്ധ തിരിയ്ക്കുമ്പോഴുണ്ടാകുന്ന ഉപഭോഗാസക്തിയെ തൃപ്തിപ്പെടുത്തുവാൻ മനുഷ്യൻ പ്രകൃതിയെ ചൂഷണം ചെയ്യാൻ ആരംഭിച്ചു. ചൂഷണം ഒരർത്ഥത്തിൽ മോഷണം തന്നെയാണ്. വൻതോതിലുള്ള ഉത്പാദനത്തിന് വൻതോതിലുള്ള പ്രകൃതി ചൂഷണം അനിവാര്യമായി. ഇതിന്റെ ഫലമായി ഗുരുതര പ്രതിസന്ധികളിലേക്ക് പരിസ്ഥിതി നിപതിച്ചു.

പ്രകൃതിയെ നാം മനുഷ്യർ തന്നെ മലിനമാക്കുന്നു. കാടിന്റെ മക്കളെ കുടിയിറക്കുന്നു. കാട്ടാറുകളെ കൈയ്യേറി , കാട്ടുമരങ്ങളെ കട്ട് മുറിച്ച് മരുഭൂമിയ്ക്ക് വഴിയൊരുക്കുന്നു. സംസ്കാരത്തിന്റെ ഗർഭപാത്രത്തിൽ പരദേശിയുടെ വിഷവിത്ത് വിതച്ച് കൊണ്ട് ഭോഗാസക്തിയിൽ മതിമറക്കുകയും നാശം വിതയ്ക്കുകയും ചെയ്യുന്ന വർത്തമാന കേരളം ഏറെ പഠന വിധേയമാക്കേണ്ടതാണ്. പാടം നികത്തിയാലും, മണൽ വാരി പുഴ നശിപ്പിച്ചാലും, വനം വെട്ടിയാലും, മാലിന്യ കൂമ്പാരങ്ങൾ കൂടിയാലും, കുന്നിടിച്ചാലും ഞങ്ങൾക്ക് യാതൊരു പ്രശ്നവുമില്ല എന്ന് കരുതുന്നവരുടെ കാഴ്ചപ്പാടുകൾ മാറ്റപ്പെടേണ്ടതാണ്. ജലത്തിനും ഭക്ഷണത്തിനും തൊഴിലിനും നാം പ്രകൃതിയെ ആശ്രയിക്കുന്നവരാണ്. നാം ജീവിക്കുന്ന ചുറ്റുപാടിന്റെ സംരക്ഷണവും , പരിപാലനവും ചെയ്യേണ്ടത് നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. ഒരു നല്ല നാളെയ്ക്കായി നമുക്ക് കൈകോർക്കാം .

Amna Nazmin
9 B

# ಬೆಳಕಿದ್ದರೂ ಕಣ್ಣೀರು

ಉರಿಯುತಿದೆ ಬೆಳಕು
ಹರಿಯುತಿದೆ ಕಣ್ಣೀರು
ಕುಳಿತಿರುವುದು ಬೆಳಕಿನಮುಂದೆ
ಮನೆಯಲ್ಲಿ ಬಡತನವೊಂದೇ

ಅವಳ ಆ ಚಿಂತೆಯಿಂದ
ಮನೆಯೆಲ್ಲ ಕಂತೆ
ಎಲ್ಲಿ ನೋಡಿದರೂ ಬಡತನ
ಯಾವಾಗ ಸಿಗುದಾ ಹೊಸತನ

ಮನಸೆಲ್ಲಾ ಪ್ರೀತಿ
ಬಡತನಕ್ಕೆ ಯಾವಾಗ ನೀತಿ
ಎಷ್ಟೆಷ್ಟು ಕಾದರೂ
ಕೊನೆಗೆ ಸಿಗುವುದೇ ಬಡತನ

ರಚನೆ :ಮೋನಿಷಾ

# ಮನದ ಚಿಂತೆ

ಮಂದವಾದ ಬೆಳಕನಿತ್ತು
ಗುಡಿಸಲೊಳಗೆ ನಿಂತು ಕೂತು
ಕುಟುಂಬ ದೊರೆಯ ಹೊತ್ತು
ಕಾದು ನಿಂತಲು ಯಾವತ್ತೂ

ಹಂಚ ಬಿಟ್ಟ ಮನೆಯಲ್ಲಿ
ಕಾದು ನಿಂತ ನೆಪದಲ್ಲಿ
ಯಾರೋ ಅಲೆದ ಮನದಲ್ಲಿ
ಒಬ್ಬಂಟಿ ಆದಳು ಚಿಂತೆಯಲ್ಲಿ

ಹರುಷದಿಂದ ದೂರವಾದಳು
ನಲಿವನೆಲ್ಲಾ ಕುಸಿದು ಹೋದಳು
ಮಾತುಗಳು ಇಂದು
ಮಾತಿಲ್ಲ
ಮನದಲ್ಲಿ ಮೌನವೇ ಇದೆಲ್ಲ

ಕಳೆದ ಸಮಯ ತಿರುಗದು
ಮನದ ಚಿಂತೆಯು ಮುಗಿಯದು
ಬೆಳಕು ಎಂದೂ ಹರಡದು
ಬೆಳಕ್ಕಿಂದ ಜೀವನ
ಕಳೆಯದು

-ಕೀರ್ತನ . ಕೆ

## ಚಿಂತೆಯಲ್ಲಿ ಮುಳುಗುವಳು

ಮನೆಯಲ್ಲಿ ಕುಳಿತು ಜೀವನವನ್ನೇ ಮರೆತು
ಗಂಡನನ್ನು ನೋಡಿನೋಂದು
ಕಣ್ಣೀರುಸುವಳು ಅವಳು

ಎಲ್ಲಿಯೋ ಬಂದು ಬೆಳಕಲಿ
ಮನದ ಚಿಂತೆ ಮುಳುಗುತ್ತಲಿ
ಒಬ್ಬಂಟಿಯಾದಳು ಚಿಂತೆಯಲ್ಲಿ
ನೊಂದನಂತಹ ಆ ಮನಸ್ಸಿನಲ್ಲಿ
ಯಾವಾಗಾದರೂ ಬೆಳಕು ಬೆಳಗಲಿ

ರಚನೆ:ಅಕ್ಷಿತ

# പുഷ്പം

നമ്മെ നോക്കി പുഞ്ചിരിക്കെ
പുഷ്പങ്ങൾ നമ്മെ നോക്കി തലകുനിച്ച
പുഷ്പങ്ങളെ നാം ഉലസിച്ചിടെ തൻ
പുഞ്ചിരിയെ ഹൃദയത്തിൻ തഴുകിയെ തൻ
സൗന്ദര്യമോ തൻ ഇലകളാൽ ശബ്ദം
നാം ചെവിയോർതിരിക്കവേ
തൻ മധുവിനെ ആഗ്രഹിപ്പുവിൻ ശലഭമോ
തൻ ചുറ്റിലും താളം പിടിച്ചു പറക്കുന്ന ആ
ശലഭമോ എൻ ഹൃദയത്തിൽ തഴുകി തൻ
സൗന്ദര്യം പുഷ്പങ്ങളാൽ നിറയട്ടെ നാം
മഹി.

Neha
9B

# Climate crisis

The 'climate change' is our big problem in the present world. The climate crisis are day to day grown. Climate is going to be very dangerous situation. If we do not act together we will surely perish.

The mankind has looked at the climate change as if were fiction. The climate change is an undeniable reality. The intense drought, warming oceans and melting of Greenland ice-sheets are the evidence of accelerated climate change. The climate crisis are one of our single security threat. Lianardo dicaprio says in his speech that he is not a representative of a party but the representative of the whole humanity. He reminds that is the time to act and solve the climate crisis.

**Ligitha K V**
**9B**


Global
Warming
Aradhya. P

## Little Kites Activities this year........................



























ഫ്രീഡം ഫെസ്റ്റ് 2023














ഫ്രീഡം ഫെസ്റ്റ് 2023










ഫ്രീഡം ഫെസ്റ്റ് 2023

# Our LK Uniform












## LK Camps and Routine classes......................




















**Thanks ...........**